(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബസുകളുടെയും ജീവനക്കാരുടെയും കുറവാണ് എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാത്തതിന്റെ കാരണം. എന്നിരുന്നാലും ദേശവൽക്കൃതമേഖലയിലെ സർവ്വീസുകളും, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകളും മുടക്കംവരുത്താതെ ഓടിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

(ഡി) താഴെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 1993-94 കാലഘട്ടത്തിൽ റോളിലുണ്ടായിരിക്കുകയും അതിനു ശേഷം പിരിച്ചുവിടപ്പെടുകയും ചെയ്ത എംപ്ലോയ്മെന്റ് വഴി നിയമിക്കപ്പെട്ട എല്ലാ കണ്ടക്ടർമാരെയും താൽക്കാലികമായി ഡ്യൂട്ടിക്ക് പുനർനിയോഗിക്കാൻ യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

2. ജോലിക്ക് പുനർ നിയോഗത്തിനനുകൂലമായി കോടതിവിധി സമ്പാദിച്ച ജോലിക്കു നിയോഗിക്കാതെയിരുന്ന എല്ലാ ദിവസക്കൂലിയടിസ്ഥാനത്തിലുള്ള കണ്ടക്ടർമാരെയും ഒഴിവുകൾ വരുന്ന മുറയ്ക്ക് ജോലിക്കു പുനർനിയോഗം നൽകി.

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആവശ്യാനുസരണം ഡ്രൈവർമാരെയും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും താൽക്കാലികമായി ജോലിക്കു നിയോഗിക്കാൻ യൂണിറ്റ് ഓഫീസർമാർക്കു നിർദ്ദേശം നൽകി. കൂടാതെ

4. സ്പെയർ പാർട്ടുകളുടെ അഭാവം പരിഹരിക്കുന്നതിനും, ആവശ്യാനുസരണം പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനും സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി നടപടിയെടുക്കുന്നതിന് തീരുമാനിച്ചു.

68 (1032) പാറശ്ശാല റീജിയണൽ വർക്കുഷോപ്പിന്റെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാറശ്ശാലയിൽ 1984-ൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്കുഷാപ്പിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്കുഷോപ്പിനുവേണ്ടി പൊന്നുംവില കൊടുത്ത 8 ഏക്കർ 80 സെന്റ് സ്ഥലം ഇന്നു സാമൂഹ്യവിരുദ്ധരുടെ കേളീരംഗമായിരിക്കുന്ന വിവരം അറിയാമോ;

(സി) ഇക്കൊല്ലംതന്നെ വർക്കുഷോപ്പിന്റെ പണി പൂർത്തിയാക്കുവാനും അതോടൊപ്പം ഒരു ബസ് ബോഡി ബിൽഡിംഗ് യൂണിറ്റും പ്രിന്റിംഗ് പ്രസും ആരംഭിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ വൈകുന്നതിനാൽ സാമൂഹ്യ വിരുദ്ധരുടെ കടന്നുകയറ്റം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly